കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല- കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് - കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് (സിഡ്കോ) സ്ഥലം പാട്ടത്തിന് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1853/2013/തസ്വഭവ തീയതി, തിരുവനന്തപുരം 16-7-2013

---

പരാമർശം: 1) കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 10/10/2012 ലെ 7(2) നമ്പർ തീരുമാനം

2) കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 13/12/2012 ലെ എ 2 -7348/12 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 25/5/2013 ലെ സി2 -231/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് വക കണ്ണമംഗലം വില്ലേജ് റീ സർവ്വേ 189-ൽപ്പെട്ട ഒരേക്കർ എട്ട് സെന്റ് സ്ഥലം, ഹൈ ടെക് ഷീറ്റ് സ്റ്റീൽ കമ്പോണന്റ് ആന്റ് ഫർണിച്ചർ മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് പാട്ടത്തിന് നല്കുന്നതിന് കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം അനുമതിക്കായി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉടമസ്ഥാവകാശം ഗ്രാമ പഞ്ചായത്തിൽ തന്നെ പൂർണ്ണമായും നിലനിർത്തി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വാർഷിക പാട്ടതുകക്ക് അനുസൃതമായി കണ്ണമംഗലം വില്ലേജ് റീ സർവ്വേ 189-ൽപ്പെട്ട ഒരേക്കർ എട്ട് സെന്റ് സ്ഥലം, ഹൈ ടെക് ഷീറ്റ് സ്റ്റീൽ കമ്പോണന്റ് ആന്റ് ഫർണിച്ചർ മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് പാട്ടത്തിന് നല്കുന്നതിന് കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8 (2) ലെ ഫാറം 4 പ്രകാരം ഗ്രാമ പഞ്ചായത്തും കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും പാട്ടക്കരാർ ഒപ്പുവെക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ) കേരള, തിരുവനന്തപുരം
സെക്രട്ടറി , കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്, കണ്ണമംഗലം പി.ഓ,മലപ്പുറം 676 304
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
നിയമം (ഡി) വകുപ്പ് (videU.O. No. 14003/D3/2013/Law dated 18-6-2013)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.